ജനയുഗം
JANAYUGOM
14 October 2023

# സമുദ്രഭക്ഷ്യോല്പന്ന കയറ്റുമതി: കടൽസസ്തനികളുടെ സംരക്ഷണം നിർണായകം

കൊച്ചി: ഇന്ത്യയുടെ സീഫുഡ് കയറ്റുമതിയിൽ ഏറ്റവും നിർണായകമാണ് കടൽസസ്തനികളുടെ സംരക്ഷണമെന്ന് ശില്പശാല. 16ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ കടൽ സസ്തനികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണ പുരോഗതി വിലയിരുത്തുന്നതിനായി സംഘടിപ്പിച്ച ശില്പശാലയിലാണ് ഈ നിരീക്ഷണം.

അമേരിക്കയിലേക്ക് സമുദ്രഭക്ഷ്യോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർ കടൽസസ്തനികളുടെ വംശസംഖ്യ, ബൈകാച്ചായി പിടിക്കപ്പെടുന്ന സസ്തനികളുടെ എണ്ണം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സംരക്ഷണ നിയന്ത്രണങ്ങൾ പൂർണമായി പാലിക്കണമെന്നാണ് യുഎസ് നിയമം. അതിനാൽ, തിമിംഗലം ഉൾപ്പെടെയുള്ള കടൽസസ്തനികളുടെ സംരക്ഷണത്തിനും ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾക്കും അതീവ പ്രാധാന്യമുണ്ടെന്ന് ശില്പശാല വിലയിരുത്തി.

ചത്തുകരയ്ക്കടിയുന്ന തിമിംഗലങ്ങളുടെ സാമ്പിൾ പരിശോധിക്കുകയും പോസ്റ്റ്മോർട്ടം നടത്തി കാരണം കണ്ടെത്തുന്നതുൾപ്പെടെയുള്ള ശ്രമങ്ങൾക്ക് ജീവശാസ്ത്രജ്ഞർ, വെറ്ററിനറി ഡോക്ടർമാർ, പരിസ്ഥിതി വിദഗ്ധർ തുടങ്ങിയവരുടെ കൂട്ടായ സഹകരണം ആവശ്യമാണെന്ന് ഡോ. ഇ വിവേകാനന്ദൻ പറഞ്ഞു. ഫിഷറി സർവേ ഓഫ് ഇന്ത്യ സോണൽ ഡയറക്ടർ ഡോ. സിജോ വർഗീസ്, ഡോ. ജെ ജയശങ്കർ, ഡോ. പ്രജിത് കെ കെ, പി അനിൽകുമാർ, ഡോ. കെ ആർ ശ്രീനാഥ്, ഡോ. ഗ്രിൻസൻ ജോർജ്, ഡോ ആർ രതീഷ്കുമാർ എന്നിവർ സംസാരിച്ചു.